# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 29-09-2013

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം പദവിയ്ക്ക് യോജിക്കാത്തത്

**കെ.എസ്.ടി.എ**

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെക്കുറിച്ച് ഡയറക്ടർ തയ്യാറാക്കി ചർച്ചയ്ക്കായി വിതരണം ചെയ്ത കുറിപ്പിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും ആ പദവിയ്ക്ക് നിരക്കാത്തതാണെന്ന് കെ.എസ്.ടി.എ അഭിപ്രായപ്പെട്ടു. കേരളത്തിലെ നിലവിലുള്ള പാഠ്യപദ്ധതിയും പാഠപുസ്തകവും നിലവാരമില്ലാത്തതാണെന്ന് പ്രചരിപ്പിച്ച് പിൻവാതിലിലൂടെ വരേണ്യപക്ഷ പാഠ്യപദ്ധതി കൊണ്ടുവരാൻ പ്രതിലോമശക്തികൾ ശ്രമിക്കുന്ന ഘട്ടത്തിലാണ് വിദ്യാഭ്യാസ ഡയറക്ടർ വസ്തുതകൾക്ക് നിരക്കാത്ത അഭിപ്രായങ്ങൾ ആധികാരികമായി പറയുന്നതെന്ന് കെ.എസ്.ടി.എ ചൂണ്ടികാണിച്ചു. ഇത് പൊതുവിദ്യാഭ്യാസ മേഖല തകർക്കുന്നതിന് ആക്കം കൂട്ടം. വേലിതന്നെ വിളവ് തിന്നുന്ന സമീപനമാണ് ഡയറക്ടറുടേത്.

പൊതുവിദ്യാഭ്യാസത്തിന്റെ വളർച്ചയെക്കുറിച്ചോ നിലവിലുള്ള സാഹചര്യങ്ങളെക്കുറിച്ചോ വസ്തുനിഷ്ഠമായ ജ്ഞാനമില്ലാതെയാണ് ഡയറക്ടർ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നത്. പൊതുവിദ്യാഭ്യാസത്തിന്റെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ മെച്ചപ്പെടുത്തുകയെന്നത് ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരുടെയും ആഗ്രഹമാണ്. അതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതിനുപകരം നിലവിലുള്ളവയെ പൂർണ്ണമായും അധിക്ഷേപിക്കുന്നത് പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ ഉന്നതസ്ഥാനത്തിരിക്കുന്ന ഒരാളിന്റെ പദവിക്ക് ഭൂഷണമല്ല. ഈ മേഖലയിലൂടെ വളർന്ന് ഉന്നതസ്ഥാനത്ത് എത്തിയിട്ടുള്ള നിരവധി മഹത്‌വ്യക്തികളുടെ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. ഇക്കാര്യങ്ങളെല്ലാം ബോധപൂർവ്വം മറന്നത് ശരിയായില്ല. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ട സന്ദർഭത്തിൽ ഘടകവിരുദ്ധമായ നടപടി സ്വീകരിച്ച ഡയറക്ടറുടെ ഉദ്ദേശ്യശുദ്ധി സംശയാസ്പദമാണ്. എസ്.എസ്.എൽ.സി വിജയശതമാനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരീക്ഷണം മികച്ചവിജയം നേടിയ കുട്ടികളെ പരഹസിക്കുന്നതിനു തുല്യമാണ്. പൊതുപരീക്ഷകൾപോലും ഇല്ലാതെ സ്കൂൾതല പരീക്ഷ നടത്തി മുഴുവൻ കുട്ടികളെയും വിജയിപ്പിക്കുന്ന സി.ബി.എസ്.ഇ-ഐ.സി.എസ്.ഇ സ്കൂളുകളുടെ വിജയം മികച്ചതാണെന്ന അദ്ദേഹത്തിന്റെ അഭിപ്രായം അത്ഭുതകരമാണ്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് വീണ്ടും റാങ്ക് സമ്പ്രദായം ഏർപ്പെടുത്തിയാലേ സമൂഹം ശ്രദ്ധിക്കുകയുള്ളൂവെന്ന അഭിപ്രായം പരീക്ഷാ കമ്മീഷണർ കൂടിയായ അദ്ദഹം നടത്താൻ പാടില്ലാത്തതായിരുന്നു. കുട്ടികളുടെ എണ്ണം കുറഞ്ഞതിനെക്കുറിച്ചുള്ള വിലയിരുത്തൽ യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല.

100 നുതാഴെ അൺ-എയ്ഡഡ് സ്കൂളുകൾ ഉണ്ടായിരുന്ന ഘട്ടത്തിലാണ് 50 ലക്ഷത്തിൽ കൂടുതൽ കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ പഠിച്ചിരുന്നത്. പൊതുവിദ്യാലയങ്ങൾക്കുചുറ്റും ആയിരക്കണക്കിന് അൺ-എയ്ഡഡ് സ്കൂളുകൾക്കും സി.ബി.എസ്.ഇ സ്കൂളുകൾക്കും സർക്കാർ അംഗീകാരം നൽകിയത് കുട്ടികൾ കുറയാനിടയായി എന്ന വസ്തുത ബോധപൂർവം അദ്ദേഹം മറച്ചുവയ്ക്കുന്നു. പൊതുവിദ്യാലയങ്ങൾ മെച്ചപ്പെടുത്താൻ ഒരുപൈസപോലും അനുവദിക്കില്ലെന്ന വിദ്യാഭ്യാസ മന്ത്രിയുടെ പ്രഖ്യാപനത്തെക്കുറിച്ച് ഡയറക്ടറുടെ അഭിപ്രായമെന്തന്നറിയാൻ സമൂഹത്തിന് താൽപര്യം ഉണ്ട്. മൂന്നുവർഷക്കാലം കൊണ്ട് യു.ഡി.എഫ് സർക്കർ രണ്ടായിരത്തോളം പുതിയ സി.ബി.എസ്.ഇ, അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകികഴിഞ്ഞു. മുവ്വായിരത്തോളം സ്റ്റേറ്റ്തല സിലബസിലുള്ള അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാനുള്ള നടപടികൾ ഡയറക്ടറുടെ ഓഫീസിൽ നടക്കുകയാണ്. ആയിരക്കണക്കിന് അനധികൃത വിദ്യാലയങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇവയെക്കുറിച്ച് മൗനം പാലിക്കുന്ന ഡയറക്ടർ ഏതുപക്ഷത്തുനിന്നുകൊണ്ടാണ് പൊതുവിദ്യാഭ്യാസത്തെ നിരീക്ഷിക്കുന്നതെന്ന് പകൽപോലെ വ്യക്തമാണ്.

പൊതുവിദ്യാസത്തിന്റെ അന്തകവേഷംകെട്ടാൻ ആരു ശ്രമിച്ചാലും കേരളത്തിലെ പൊതുസമൂഹം അംഗീകരിക്കില്ല. പഠനനിലവാരത്തിലും കുട്ടികളുടെ എണ്ണത്തിലും മുകവിലും മുന്നിൽ നിൽക്കുന്ന ഏഴായിരത്തോളം പൊതുവിദ്യാലയങ്ങളെക്കുറിച്ച് ഒരുപരാമർശംപോലും നടത്താത്തത് ഉത്ഖണ്ഠയുളവാക്കുന്നതാണ്. വിദ്യാഭ്യാസ കച്ചവടക്കാരും ഗൈഡ്ലോബികളും എസ്.സി.ഇ.ആർ.ടി യും അബ്ദുൾഅസീസ് കമ്മിറ്റിയും ചേർന്ന് പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന മന്ത്രിക്ക് കുടപിടിക്കുമ്പോൾ അതിനെ സഹായിക്കുന്നതരത്തിലുള്ള ഡയറകടറുടെ കുറിപ്പ് പിൻവലിക്കണമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ ആവശ്യപ്പെട്ടു.

**എം.ഷാജഹാൻ**

ജനറൽ സെക്രട്ടറി